"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലെ കരാർ/ദിവസവേതന ജീവനക്കാരുടെ വേതനം പരിഷ്കരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു,

**ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.285/2022/H&FWD തീയതി,തിരുവനന്തപുരം, 15-12-2022

പരാമർശം:-

1. സ.ഉ (കൈ) നം 62/2018/ആ.കു.വ തീയതി 24.04.2018
2. സ.ഉ (അ) നം 81/2019/ധന തീയതി 09.07.2019-
3. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 27/08/2021 തീയതിയിലെ കെ.എം.എസ്.സി.എൽ/എച്ച്.ആർ/579/2017 നം കത്ത്

**ഉത്തരവ്**

കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിലവിലുള്ള 1023 ജീവനക്കാരിൽ 9 സ്ഥിരം ജീവനക്കാരും 16 അന്യത്രസേവന വ്യവസ്ഥയിൽ ജോലി നോക്കി വരുന്നവരും ഒഴികെ ബാക്കി ജിവനക്കാരിൽ 706 പേർ കരാർ വ്യവസ്ഥയിലും 292 പേർ ദിവസവേതനത്തിലും (ഔട്ട്സോഴ്സിംഗ് ഉൾപ്പെടെ) ജോലി ചെയ്തുവരുന്നു. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലെ കരാർ ജീവനക്കാരുടെ വേതനവ്യവസ്ഥകൾ പരിഷ്കരിച്ച് നൽകിയ പരാമർശം (1) ലെ സർ ക്കാർ ഉത്തരവിൽ "01.04.2018 മുതൽ അഞ്ചു വർഷത്തേക്ക് വേതനം പരിഷ്കരിക്കാൻ പാടില്ല" എന്ന് വ്യവസ്ഥ ചെയ്തിരുന്നു. സംസ്ഥാന സർക്കാർ ജീവനക്കാർക്കായി നടപ്പാക്കിയ 11-ാം ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനിലെ ഡെപ്യൂട്ടേഷൻ ജീവനക്കാർക്കും സ്ഥിരം ജീവനക്കാർക്കും വർധിപ്പിച്ച ശമ്പളം ലഭിക്കുമ്പോൾ കോർപ്പറേഷനിലെ ഭൂരിഭാഗം കരാർ/ദിവസവേതന ജീവനക്കാർക്കും അതിനനുസരിച്ചുള്ള ശമ്പള വർദ്ധനവ് ലഭിക്കുന്നില്ലെന്നും പരാമർശം (2) ലെ ഉത്തരവ് പ്രകാരം സർക്കാർ വകുപ്പുകളിലെ കരാർ/ദിവസവേതന ജീവനക്കാർക്ക് നിർദ്ദേശിച്ചിട്ടുള്ള ആനുകൂല്യങ്ങൾ പോലും കോർപ്പറേഷനിൽ മാനേജർ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ലഭിക്കുന്നില്ലെന്നും ആയതിനാൽ കോർപ്പറേഷനിലെ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് വേതന വർദ്ധനവ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്, മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം ശുപാർശ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ കരാർ വ്യവസ്ഥയിലുള്ള 615 ജീവനക്കാരുടെയും, ദിവസ വേതന വ്യവസ്ഥയിലുള്ള 40 ജീവനക്കാരുടെയും വേതനം ( തസ്തികയും വേതന വർദ്ധനവും അനുബന്ധമായി ചേർത്തിരിക്കുന്നു ) പരാമർശം(1) ഉത്തരവിലെ "01.04.2018 മുതൽ അഞ്ചു വർഷത്തേക്ക് വേതനം പരിഷ്കരിക്കാൻ പാടില്ല " എന്ന നിബന്ധനയിൽ ഇളവ് വരുത്തി താഴെ പറയുന്ന നിബന്ധനകളോടെ പരിഷ്കരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ശമ്പള പരിഷ്കരണം മൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത കോർപ്പറേഷൻ തനതു ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണ്.
2. 11.02.2021 ലെ സ.ഉ(പി)നം.29/2021/ ധന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി

മാത്രമേ വേതനം പരിഷ്കരിക്കാൻ പാടുള്ളൂ.

3. 11.02.2021 ലെ സ.ഉ(പി)നം.29/2021/ ധന സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടില്ലാത്ത തസ്തികളിലെ വേതനം പരിഷ്കരിക്കാൻ പാടില്ല. ഇക്കാര്യം മാനേജിംഗ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.
4. ഓഡിറ്റ് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതും ഇക്കാര്യം മാനേജിംഗ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.
5. ഓഡിറ്റ് സമയബന്ധിതമായി പൂർത്തീകരിച്ച ശേഷം മാത്രമേ സാമ്പത്തിക ബാധ്യത വരുത്തുന്ന യാതൊരു പ്രൊപ്പോസലും സർക്കാരിന്റ പരിഗണനക്കായി സമർപ്പിക്കാൻ പാടുള്ളൂ.
6. വേതന പരിഷ്കരണത്തിന് മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല, അതായത് ഉത്തരവ് തീയതി മുതൽ മാത്രമായിരിക്കും പ്രാബല്യം.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് (എ&ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ പി.യു.(ബി) വകുപ്പ് (01.10.2022 തീയതിയിലെ No.PU-B1/119/2017-Fin)പ്രകാരം.
പൊതുഭരണ (എസ്.സി)വകുപ്പ് (ഇനം.1241 തീയതി.14.12.2022)
വിവരപൊതുജന സമ്പർക്ക വകുപ്പ് (വെബ് &ന്യൂ മീഡിയ)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**Signed by Raseena R A**
**Date: 16-12-2022 09:10:48**
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

അനുബന്ധം

| കരാർ നിയമനം | | | |
|---|---|---|---|
| Designation | No.of Employees working | Present Wages | Revised pay (as per G.O(P)No.29/2021-Fin |
| Cleaner | 1 | 14,550 | 18,390 |
| | 16 | 16,800 | 18,390 |
| Packer | 1 | 12,400 | 18,390 |
| | 36 | 16,900 | 18,390 |
| Peon | 2 | 16,800 | 18,390 |
| Record Keeper | 1 | 18,200 | 18,390 |
| Electrician | 2 | 18,900 | 20,065 |
| Driver | 1 | 17000 | 20,065 |
| | 5 | 18,200 | 20,065 |
| | 1 | 18,900 | 20,065 |
| Data entry Operator | 23 | 17,100 | 21,175 |
| | 20 | 19,550 | 21,175 |
| CA to General Manager | 1 | 18,900 | 22,290 |
| Pharmacist | 232 | 16,000 | 24,520 |
| | 133 | 17,600 | 24,520 |
| | 42 | 18,700 | 24,520 |
| | 33 | 19,700 | 24,520 |
| | 15 | 20,800 | 24,520 |
| Pharmacist Grade I | 12 | 21,780 | 24,520 |
| | 35 | 23,100 | 24,520 |
| Assistant | 3 | 23,910 | 30,995 |
| **Grand Total** | **615** | | |

| ദിവസ വേതനം | | | |
|---|---|---|---|
| Designation | No.of Employees | Present Wages/employee | Revised pay (as per G.O(P)No.29/2021/Fin |
| Cleaner | 6 | 630 | 675 |
| Data Entry Operator | 6 | 710 | 755 |
| Driver | 11 | 685 | 730 |
| Packer | 14 | 630 | 675 |
| Skilled Assistant | 3 | 630 | 675 |
| Total | 40 | | |

HEALTH-B3/120/2021-HEALTH

6780907/2022/HEALTH(OS)

<u>രഹസ്യം</u>

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-12-2022

ഫയൽ നം. ഹെൽത്ത്-ബി3/120/2021/ഹെൽത്ത്. ഇനം നം: 1241

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലെ കരാർ, ദിവസവേതന തസ്തികകളുടെ വേതനം പരിഷ്കരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

14/12

15/12

1241

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | | ഹെൽത്ത് - ബി3/120/2021/ഹെൽത്ത് |
| 2. | വകുപ്പ് | : | ആരോഗ്യകുടുംബക്ഷേമ (ബി) വകുപ്പ് |
| 3. | വിഷയം | : | ആ.കു.വ - കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലെ കരാർ, ദിവസവേതന തസ്തികകളുടെ വേതനം പരിഷ്കരിക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 14/11/2022 |
| 5 | 1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ;<br>2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.മിനി.എം. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ടിങ്കു ബിസ്വാൾ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി.വീണാ ജോർജ്ജ്. |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലെ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കുള്ള വേതന വർദ്ധനവ് അനുവദിക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. സുതാര്യമായ പ്രക്രിയയിലൂടെ കേരളത്തിലുടനീളമുള്ള 1400-ലധികം സർക്കാർ ആശുപത്രികൾക്കും അനുബന്ധ സ്ഥാപനങ്ങൾക്കുമായി അവശ്യമരുന്നുകളുടെയും ഉപകരണങ്ങളുടെയും കേന്ദ്ര സംഭരണ ഏജൻസിയാണ് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ. 1613 കോടി രൂപയോളം വാർഷിക ക്രയവിക്രയം നടത്തുന്ന കോർപ്പറേഷനിലെ നിലവിലുള്ള 1023 ജീവനക്കാരിൽ 9 പേർ സ്ഥിരം ജീവനക്കാരും 16 ജീവനക്കാർ അന്യത്രസേവന വ്യവസ്ഥയിലും 706 ജീവനക്കാർ കരാർ വ്യവസ്ഥയിലും 292 ജീവനക്കാർ ദിവസവേതനത്തിലും (ഔട്ട്സോഴ്സിംഗ് ഉൾപ്പെടെ) ജോലി ചെയ്തുവരുന്നു. സംസ്ഥാന സർക്കാർ ജീവനക്കാർക്കായി നടപ്പാക്കിയ 11-ാം ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനിലെ ഡെപ്യൂട്ടേഷൻ ജീവനക്കാർക്കും സ്ഥിരം ജീവനക്കാർക്കും വർധിപ്പിച്ച ശമ്പളം ലഭിക്കുമ്പോൾ കോർപ്പറേഷനിലെ ഭൂരിഭാഗം വിഭാഗം കരാർ ജീവനക്കാർക്കും അതിനനുസരിച്ചുള്ള ശമ്പള വർദ്ധനവ് ലഭിക്കുന്നില്ല. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലെ കരാർ ജീവനക്കാരുടെ വേതനവ്യവസ്ഥകൾ പരിഷ്കരിച്ച് നൽകിയ 24.04.2018 ലെ GO(Ms) No.62/2018/H&FWD ഉത്തരവിൽ "01.04.2018 മുതൽ അഞ്ചു വർഷത്തേക്ക് വേതനം പരിഷ്കരിക്കാൻ പാടില്ല" എന്ന് വ്യവസ്ഥ ചെയ്തിരുന്നു. 09.07.2019-ലെ ജി.ഒ.(പി) നമ്പർ 81/2019/ഫിൻ ഉത്തരവ് പ്രകാരം സർക്കാർ വകുപ്പുകളിലെ ദിവസ വേതനം/കരാർ ജീവനക്കാർക്ക് നിർദ്ദേശിച്ചിട്ടുള്ള ആനുകൂല്യങ്ങൾ പോലും കോർപ്പറേഷനിൽ മാനേജർ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ലഭിക്കുന്നില്ല. അതിനാൽ സാങ്കേതിക പരിജ്ഞാനവും പ്രവൃത്തിപരിചയവുമുള്ള ജീവനക്കാർ കോർപ്പറേഷൻ വിട്ട് മികച്ച അവസരങ്ങൾ തേടുകയാണ്. കോർപ്പറേഷൻ ഇതുവരെ നേടിയ നേട്ടങ്ങൾ നിലനിർത്തുന്നതിന് ഇത് തടസ്സമാകുന്നു. ആയതിനാൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, മാനേജിംഗ് ഡയറക്ടർ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കുള്ള വേതന വർദ്ധനവ് അനുവദിക്കുന്നതിന് ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

3. മേൽ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ലഭിച്ചിട്ടുള്ളത് ചുവടെ ചേർക്കുന്നു.

*"സർക്കാരിലെ സ്ഥിരം ജീവനക്കാർക്ക് 11-ാം ശമ്പള കമ്മീഷൻ ശുപാർശ പ്രകാരമുള്ള വേതന വർദ്ധനവ് തുലനപ്പെടുത്തി കരാർ/ദിവസവേതന ജീവനക്കാർക്ക് വേതന വർദ്ധനവ് നൽകണമെന്ന ശുപാർശ അംഗീകരിക്കാൻ നിർവാഹമില്ല. 01/04/2018-ലാണ് KMSCL ജീവനക്കാരുടെ വേതനം പരിഷ്കരിച്ചത്*

*എന്നതിനാൽ 01/04/2023-ലെ വീണ്ടും വേതന വർദ്ധനവ് പരിഗണിക്കേണ്ടതുള്ളു എന്ന് മറ്റൊരു ഫയലിൽ ധനവകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട് (25/02/2021 ലെ HEALTH-B3/183/2017-HEALTH (E:508068). ഒരേ വിഷയത്തിൽ വ്യത്യസ്ഥമായ പ്രൊപ്പോസലുകൾ പലതലത്തിൽ ശുപാർശചെയ്ത് അയക്കുന്നത് ശരിയായ രീതിയല്ലെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു ഇതിന് ബഹു.ധനമന്ത്രിയുടെ അംഗീകാരമുണ്ട്. '*

4. സർക്കാർ വകുപ്പുകളിലെ ജീവനക്കാർക്ക് കാലാകാലങ്ങളിൽ ശമ്പളം പരിഷ്കരിച്ച് നൽകുമ്പോൾ കരാർ / ദിവസവേതന ജീവനക്കാരുടെ വേജസ്സും അതിനനുസൃതമായി പ്രത്യേക ഉത്തരവിലൂടെ പരിഷ്കരിച്ചു നൽകുന്നു. നിലവിൽ 2018 ൽ കെ.എം.എസ്.സി.എൽ-ലെ കരാർ / ദിവസവേതനക്കാരുടെ വേതനം പരിഷ്കരിച്ചുവെങ്കിലും സർക്കാർ മേഖലയിലുള്ള അപ്രകാരമുള്ളവർക്ക് 2019 ലും, 2021 ലും വേതനം പുതുക്കി നൽകിയിട്ടുണ്ട്. ഒരു സർക്കാർ സ്ഥാപനം എന്ന നിലയിൽ കാലാകാലങ്ങളിൽ സർക്കാർ മേഖലയിലുള്ള സമാനമായ ജീവനക്കാർക്ക് അനുവദിച്ചു നൽകുന്ന നിരക്കിലുള്ള വേതനം കെ.എം.എസ്.സി.എൽ-ലെ കരാർ / ദിവസവേതന ജീവനക്കാർക്ക് അനുവദിച്ചു നൽകുന്നത് ഉചിതമായിരിക്കും എന്ന നിർദ്ദേശത്തോടെ വീണ്ടും ഫയൽ ധനകാര്യ വകുപ്പിന് അയച്ചതിൽ ചുവടെചേർക്കും പ്രകാരം അഭിപ്രായം ലഭിച്ചു.

*"Administrative Dept is requested to advise the company to complete its accounts before any revision in salaries to be considered. This has the approval of Hon'ble Minister of Finance."*

5. 2022-23 സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടെ മുഴുവൻ ഓഡിറ്റ് കുടിശ്ശികയും തീർക്കാൻ കഴിയുമെന്ന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത തിനെ തുടർന്ന് വീണ്ടും ഫയൽ ധനകാര്യ വകുപ്പിന് അയച്ചതിൽ ചുവടെചേർക്കും പ്രകാരം അഭിപ്രായം ലഭിച്ചു.

*"K.M.S.C.L ൽ കരാർ വ്യവസ്ഥയിലുള്ള 615 ജീവനക്കാരുടെയും, ദിവസ വേതന വ്യവസ്ഥയിലുള്ള 40 ജീവനക്കാരുടെയും വേതനം (തസ്തികയും വേതന വർദ്ധനവും അനുബന്ധമായി ചേർത്തിരിക്കുന്നു) 24.04.2018 ലെ GO(Ms) No.62/2018/H&FWD ഉത്തരവിലെ "01.04.2018 മുതൽ അഞ്ചു വർഷത്തേക്ക് വേതനം പരിഷ്കരിക്കാൻ പാടില്ല" എന്ന നിബന്ധനയിൽ ഇളവ് വരുത്തി താഴെ പറയുന്ന നിബന്ധനകളോടെ പരിഷ്കരിക്കുന്നതിന് ധനവകുപ്പ് അനുമതി നൽകുന്നു.*

*a. ശമ്പള പരിഷ്കരണം മൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത കോർപ്പറേഷൻ തനതു ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതും, സർക്കാർ ഖജനാവിൽ നിന്നും അധിക ബാധ്യത ഉണ്ടാകുന്നില്ല എന്ന് ഭരണവകുപ്പ് ഉറപ്പു വരുത്തേണ്ടതുമാണ്.*

b. 11.02.2021 ലെ സ.ഉ(പി)നം . 29/2021/ ധന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ വേതനം പരിഷ്കരിക്കാൻ പാടുള്ളു.

c. 11.02.2021 ലെ സ.ഉ(പി)നം . 29/2021/ ധന സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടില്ലാത്ത തസ്തികളിലെ വേതനം പരിഷ്കരിക്കാൻ പാടില്ല. ഇക്കാര്യം ഭരണവകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.

d. ഓഡിറ്റ് പൂർത്തീകരിക്കുന്നതിനുള്ള നടപടികള് 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതും ഇക്കാര്യം ഭരണവകുപ്പ് ഉറപ്പ് വരുത്തേണ്ടതുമാണ്.

e. ഓഡിറ്റ് സമയബന്ധിതമായി പൂർത്തീകരിച്ച ശേഷം മാത്രമേ സാമ്പത്തിക ബാധ്യത വരുത്തുന്ന യാതൊരു പ്രൊപ്പോസലും ധനവകുപ്പിന്റെ പരിഗണനക്കായി സമർപ്പിക്കാൻ പാടുള്ളു.

f. വേതന പരിഷ്കരണത്തിന് മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല അതായതു വേതനം പരിഷ്കരിച്ച ഉത്തരവ് പുറത്തിറങ്ങുന്ന തീയതി മുതൽ മാത്രമായിക്കും പ്രാബല്യം."

**കരാർ നിയമനം**

| *Designation* | *No. of Employees working* | *Present Wages* | *Revised pay (as per G.O (P)No.29/2021-Fin* |
|---|---|---|---|
| Cleaner | 1 | 14550 | 18390 |
| Packer | 16 | 16800 | 18390 |
| | 1 | 12400 | 18390 |
| | 36 | 16900 | 18390 |
| Peon | 2 | 16800 | 18390 |
| Record Keeper | 1 | 18200 | 18390 |
| Electrician | 2 | 18900 | 20065 |
| Driver | 1 | 17000 | 20065 |
| | 5 | 18200 | 20065 |
| | 1 | 18900 | 20065 |
| Data entry Operator | 23 | 17100 | 21175 |
| | 20 | 19550 | 21175 |
| CA to General Manager | 1 | 18900 | 22290 |
| Pharmacist | 232 | 16000 | 24520 |
| | 133 | 17600 | 24520 |
| | 42 | 18700 | 24520 |
| | 33 | 19700 | 24520 |

| | | | |
|---|---|---|---|
| | *15* | *20800* | *24520* |
| *Pharmacist Grade I* | *12* | *21780* | *24520* |
| | *35* | *23100* | *24520* |
| *Assistant* | *3* | *23910* | *30995* |
| ***Grand Total*** | ***615*** | | |

***ദിവസ വേതനം***

| *Designation* | *No. of Employees* | *Present Wages/ employee* | *Revised pay (as per G.O (P)No.29/2021/Fin* |
|---|---|---|---|
| *Cleaner* | *6* | *630* | *675* |
| *Data Entry Operator* | *6* | *710* | *755* |
| *Driver* | *11* | *685* | *730* |
| *Packer* | *14* | *630* | *675* |
| *Skilled Assistant* | *3* | *630* | *675* |
| ***Total*** | ***40*** | | |

6. ധനകാര്യവകുപ്പ് അനുമതി നൽകിയ പ്രകാരം മേൽപറഞ്ഞ കരാർ വ്യവസ്ഥയിലുള്ള 615 ജീവനക്കാരുടെയും ദിവസവേതനവ്യവസ്ഥയിലുള്ള 40 ജീവനക്കാരുടെയും വേതനം 24.04.2018 ലെ GO(Ms) No.62/2018/H&FWD ഉത്തരവിലെ "01.04.2018 മുതൽ അഞ്ചു വർഷത്തേക്ക് വേതനം പരിഷ്കരിക്കാൻ പാടില്ല" എന്ന നിബന്ധനയിൽ ഇളവു വരുത്തി പരിഷ്കരിക്കുന്നതിന് അനുമതി നൽകുന്ന കാര്യം മന്ത്രിസഭായോഗം മുമ്പാകെ സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടിരുന്നു.

**തീരുമാനിക്കേണ്ട വിഷയം**

ധനകാര്യ വകുപ്പ് അനുമതി നൽകിയ പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലെ കരാർ വ്യവസ്ഥയിലുള്ള 615 ജീവനക്കാരുടെയും ദിവസവേതനവ്യവസ്ഥയിലുള്ള 40 ജീവനക്കാരുടേയും വേതനം മേൽ പറഞ്ഞ നിബന്ധനകളോടെ പരിഷ്കരിക്കുന്നതിന് അനുമതി നൽകാമോ?